**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5067** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഓപ്പൺ ബുക്ക് എക്സാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഓപ്പൺ ബുക്ക് എക്സാം സംവിധാനം കേരള സിലബസിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഓപ്പൺ ബുക്ക് എക്സാം സംവിധാനം കേരള സിലബസിൽ നടപ്പിലാക്കാൻ തീരുമാനമായിട്ടില്ല. കേരള പാഠ്യപദ്ധതി ചട്ടക്കൂടിൽ (2023) തുറന്ന പുസ്തക പരീക്ഷകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്താമെന്ന നിർദ്ദേശം ഉണ്ട്. |
| (ബി) | ഏതൊക്കെ വിഷയങ്ങളിലാണ് പ്രസ്തുത രീതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; പരീക്ഷകൾക്കുള്ള മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഏതെല്ലാം വിഷയങ്ങളിൽ ഓപ്പൺ ബുക്ക് എക്സാം രീതി നടപ്പാക്കാമെന്ന് തീരുമാനിച്ചിട്ടില്ല. പ്രസ്തുത പരീക്ഷ രീതികളുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ തയ്യാറാക്കപ്പെട്ടിട്ടില്ല. |
| (സി) | ഓപ്പൺ ബുക്ക് പരീക്ഷയിലൂടെ കുട്ടികൾക്ക് ഏത് രീതിയിലുള്ള കഴിവുകൾ പോഷിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) | ഓപ്പൺ ബുക്ക് പരീക്ഷകളിലൂടെ പഠിതാക്കളുടെ വിശകലനശേഷി, വിമർശനാത്മക ശേഷി, പ്രശ്നപരിഹരണശേഷി, അപഗ്രഥന-ഉദ് ഗ്രഥനശേഷി തുടങ്ങിയ ഉയർന്നതല ചിന്താ പ്രക്രിയകളെ പരിപോഷിപ്പിക്കുവാൻ സാധിക്കുന്നതാണ്. ഓപ്പൺ ബുക്ക് പരീക്ഷകൾ കുട്ടികളെ അറിവ് തേടുന്നവരും, വിവരങ്ങൾ വിശകലനം ചെയ്യുന്നവരുമായി വളർത്തിയെടുക്കാനും സഹായിക്കുന്നു. |

സെക്ഷൻ ഓഫീസർ